# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2115 26.03.2013 ൽ മറുപടിക്ക്

**ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധിയായി അനുവദിച്ചിട്ടും ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന് ഇത് കോംപൻസേറ്ററി അവധിയായി നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നിലവിൽ ഈ വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന് രണ്ടാം ശനിയാഴ്ച്ച പ്രവൃത്തി ദിവസമാണ്. |
| (ബി) | 24 മണിക്കൂർ വരെ ജോലിചെയ്യേണ്ടി വരുന്ന ഓപ്പറേറ്റിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് ഇത് മൂന്ന് ഡ്യൂട്ടിയായി പരിഗണിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | 24 മണിക്കൂറിൽ 16 മണിക്കൂർ ഡബിൾ ഡ്യൂട്ടി എന്ന രീതിയിലാണ് ഓപ്പറേറ്റിംഗ് വിഭാഗത്തിലെ ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്. ഒരു ദിവസം 8 മണിക്കൂറിൽ താഴെയാണ് ഓരോ ബോട്ടിന്റേയും സ്റ്റീറിംഗ് സമയം. ആയതിനാൽ 24 മണിക്കൂർ ഡ്യൂട്ടി എന്ന് കണക്കുകൂട്ടി ഓഫ് അനുവദിക്കാവുന്നതല്ല. മൂന്നു ഡ്യൂട്ടി ആക്കിയാൽ 5 ജീവനക്കാരെ കൂടി ഒരു ഷെഡ്യൂളിന് അധികമായി സർക്കാർ അനുവദിക്കുകയും പുതിയ തസ്തിക സൃഷ്ടിക്കേണ്ടതായും വരും. എന്നാൽ ചില അവസരങ്ങളിൽ ജീവനക്കാർ ബോട്ടിൽ സ്റ്റേ ചെയ്യുമ്പോൾ സ്പെഷ്യൽ സ്റ്റേ ബാറ്റ അനുവദിക്കുന്നുണ്ട്. |
| (സി) | ചില സ്റ്റേഷനുകളിലെ സ്റ്റേഷൻ മാസ്റ്റർക്കും ക്യാഷ് ഡ്യൂട്ടിയിൽ ഉള്ളവർക്കും തുടർച്ചയായി ജോലിചെയ്യുമ്പോൾ 3 ഡ്യൂട്ടി അനുവദിച്ചു നൽകാറുണ്ടോ; എങ്കിൽ മറ്റു ജീവനക്കാർക്കും പ്രസ്തുത സൗകര്യം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ആലപ്പുഴ എറണാകുളം സ്റ്റേഷനുകളിൽ തുടർച്ചയായി ജോലി ചെയ്തിരുന്ന സ്റ്റേഷൻ മാസ്റ്റർക്കും ക്യാഷ് ഡ്യൂട്ടിയിലുള്ളവർക്കും മൂന്ന് ഡ്യൂട്ടി അനുവദിച്ചു നൽകിയിരുന്നു. ആയത് ഇപ്പോൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ജലഗതാഗത വകുപ്പിൽ നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർക്ക് നൽകിയിരുന്ന ഡേ ഓഫ് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർക്ക് വാച്ച്മാൻ തസ്തികയുടെ ക്രമീകരണം അനുസരിച്ച് സിങ്കിൾ ഡ്യൂട്ടിയാണ് അനുവദിക്കുന്നത്. അതിനാൽ ഓഫ് അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ